**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 593** — **13.01.2021 ൽ മറുപടിയ്ക്ക്**

**കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്**

**ചോദ്യം**

**ശ്രീ. റ്റി.വി.രാജേഷ്**
**ശ്രീ.കെ.ബാബു.**
**ശ്രീ.ആർ.രാജേഷ്**
**ശ്രീ. പുരുഷൻ കടലുണ്ടി**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>1. കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്<br>2.ദുരന്തനിവാരണ പ്രവർത്തനങ്ങൾ<br>3. കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ<br>4. പ്ലാസ്മ ഡൊണേഷൻ ക്യാമ്പയിൻ.<br>5. കായിക വികസന പദ്ധതി - കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ക്ലബ്ബുകൾക്ക് ധനസഹായം.<br>6.എൽ.ഇ.ഡി ബൾബ് നിർമ്മാണ ഓൺലൈൻ പരിശീലനം - രണ്ടാംഘട്ടം.<br>7. സൈക്കിൾ ബ്രിഗേഡ് (സൈക്കിൾ ക്ലബ്ബ് രൂപീകരണം)<br>8. സ്റ്റുഡിയോയും ഓൺലൈൻ ക്ലാസ്റൂമും.<br>9. യൂത്ത് കേരള എക്സ്പ്രസ്സ്. |
| (ബി) | ഈ രംഗത്ത് കേരള യുവജനക്ഷേമ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്ന് അറിയിക്കാമോ ; | (ബി) | ഉണ്ട്. |
| (സി) | സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, ഗ്രാമപ്രദേശങ്ങൾ തുടങ്ങിയവയ്ക്ക് മുൻതൂക്കം നൽകി യുവജനക്ഷേമ ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (സി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. വിശദാംശങ്ങൾ അനുബന്ധം 1 ൽ കാണാവുന്നതാണ്.<br>1. യുവാക്ലബ്ബ്.<br>2.മണിനാദം.<br>3. കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ)<br>4. ഫിഫ വേൾഡ് കപ്പ് 2018 – ബിഗ്സ്ക്രീൻ പ്രദർശനം.<br>5.കേരളോത്സവം - യൂത്ത് ക്ലബ്ബുകളുടെ |

| | | | |
|---|---|---|---|
| | | | പങ്കാളിത്തം.<br>6.ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം.<br>(മാരിവില്ല് - 2019)<br>7.പെൺകരുത്ത് - കളരിപ്പയറ്റ് പരിശീലനം. |
| (ഡി) | അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് മത്സരപരീക്ഷകളിൽ വിജയം കൈവരിക്കുന്നതിനായി യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന മത്സരപരീക്ഷാ പരിശീലനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കെ.എ.എസ് പ്രിലിമിനറി പരീക്ഷാ സൗജന്യ പരിശീലനം.<br>2. കെ.എ.എസ് മെയിൻ പരീക്ഷാ സൗജന്യ പരിശീലനം.<br>3. പി.എസ്.സി മത്സര പരീക്ഷാ പരിശീലനം. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

# കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തി വരുന്ന പ്രവർത്തനങ്ങൾ

## 1. യുവാ ക്ലബ്ബ്

സംസ്ഥാനത്ത് സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി - പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച ക്ലബ്ബുകളാണ് യുവാക്ലബ്ബുകൾ. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 1200 ഓളം യുവാക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് യുവാക്ലബ്ബുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ കലാ - കായിക മത്സരങ്ങൾ, ബോധവൽക്കരണ ക്യാമ്പയിനുകൾ, മത്സരപരീക്ഷാ പരിശീലന പരിപാടികൾ, ആരോഗ്യസംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, സാംസ്കാരിക കൂട്ടായ്മകൾ, ശാസ്ത്രകലകളുടെയും പാരമ്പര്യ കലകളുടെയും പ്രോത്സാഹനം, കലാ-കായിക അക്കാദമിക് പ്രതിഭകൾക്ക് അനുമോദനങ്ങൾ, തുടങ്ങി വിവിധങ്ങളായ പദ്ധതികളാണ് യുവാക്ലബ്ബുകൾ മുഖേന നടപ്പിലാക്കുന്നത്.

## 2. കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ)

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത് - യുവാക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ ജില്ലാ-സംസ്ഥാനാടിസ്ഥാനത്തിൽ സെവൻസ് ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. ജില്ലകളിൽ നിന്നും ഒന്നാം സ്ഥാനക്കാരായ 14 ടീമുകൾ സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്തു. ജില്ലതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ച ടീമിന് 25,000 രൂപയും രണ്ടാംസ്ഥാനം ലഭിച്ച ടീമിന് 10,000 രൂപയും മൂന്നാം സ്ഥാനം ലഭിച്ച ടീമിന് 5,000 രൂപയും ക്യാഷ് പ്രൈസായി നൽകി. സംസ്ഥാനമത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ടീമിന് 1 ലക്ഷം രൂപയും മിനിസ്റ്റേഴ്സ് ട്രോഫിയും നൽകുകയുണ്ടായി. രണ്ടാം സ്ഥാനം ലഭിച്ച ടീമിന് 50,000 രൂപയും മൂന്നാംസ്ഥാനം ലഭിച്ച ടീമിന് 25,000 രൂപയുമാണ് ക്യാഷ്പ്രൈസായി നൽകി.

## 3. മണിനാദം - കലാഭവൻമണി മെമ്മോറിയൽ നാടൻപാട്ട് മത്സരം

അന്തരിച്ച അനശ്വര കലാകാരൻ കലാഭവൻമണിയുടെ സ്മരണാർത്ഥം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ വച്ച് അദ്ദേഹത്തിന്റെ ചരമദിനത്തിൽ മണിനാദം എന്ന പേരിൽ ജില്ല-സംസ്ഥാനതല നാടൻപാട്ട് മത്സരം സംഘടിപ്പിക്കുന്നു.. യുവാക്ലബ്ബുകളുടെ പങ്കാളിത്തത്തോടെയാണ് മണിനാദം - നാടൻപാട്ട് മത്സരം സംഘടിപ്പിച്ചു വരുന്നു. ജില്ലാതലങ്ങളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടീമുകളാണ് സംസ്ഥാനമത്സരത്തിൽ പങ്കെടുത്തത്. 14 ജില്ലകളിലെയും മത്സരവേദികൾ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധ ആകർഷിക്കുന്നു. ജില്ലാതല മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്ന ടീമുകൾക്ക് യഥാക്രമം 25,000, 10,000, 5,000എന്നീ ക്രമത്തിൽ പ്രൈസ്മണി നൽകുന്നു. സംസ്ഥാനമത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടി വിജയിക്കുന്ന ടീമുകൾക്ക് 1,00,000, 75,000, 50,000 രൂപയും ട്രോഫിയും നൽകുകയും ചെയ്തു.

## 4. ഫിഫ വേൾഡ് കപ്പ് 2018-ബിഗ്സ്ക്രീൻ പ്രദർശനം

ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ പ്രചരണാർത്ഥം ഫുട്ബോൾ പ്രേമികളുടെ നാടായ കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഘോഷയാത്രയും, ക്വിസ് മത്സരവും വേൾഡ് കപ്പ് മത്സരങ്ങളുടെ ബിഗ് സ്ക്രീൻ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

ഫുട്ബോൾ മത്സരത്തിന് മുന്നോടിയായി സംസ്ഥാനതലത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും സ്പോർട്സ് കൗൺസിലും സംയുക്തമായി തിരുവനന്തപുരം ജില്ലയിൽ മാനവീയം വീഥി മുതൽ സെൻട്രൽ സ്റ്റേഡിയം വരെ 32 രാജ്യങ്ങളുടെ ജേഴ്സിയണിഞ്ഞ 600 ഓളം യുവ /യൂത്ത് ക്ലബ്ബ് പ്രതിനിധികളെ ഉൾപ്പെടുത്തി റോളർ സ്കേറ്റിംഗ്, ചെ മേളം എന്നിവയുടെ അകമ്പടിയോടെ ഘോഷയാത്ര സംഘടിപ്പിച്ചിരുന്നു. മറ്റ് ജില്ലകളിലും സ്പോർട്സ് കൗൺസിലുമായി സഹകരിച്ച് പ്രമുഖ വ്യക്തികൾ, ക്ലബ്ബ് അംഗങ്ങൾ, യുവജനസംഘടനാ പ്രതിനിധികൾ,യൂത്ത് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി ഘോഷയാത്ര സംഘടിപ്പിച്ചു.

14 ജില്ലകളിലും സ്പോർട്സ് ക്വിസ് മത്സരം സംഘടിപ്പിക്കുകയും ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് യഥാക്രമം 7,000/-, 3,000/- ,2,000/- രൂപാ വീതം ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു. ഗ്രാന്റ് മാസ്റ്റർ ജി.എസ് പ്രദീപ് നയിച്ച സംസ്ഥാനതല സ്പോർട്സ് ക്വിസ് മത്സരം സെൻട്രൽ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുകയും വിജയികൾക്ക് യഥാക്രമം 20,000/-, 10,000/- , 5,000/- രൂപ വീതം ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു.

ലോകകപ്പ് ഫുട്ബോൾ മത്സരം കേരളത്തിലെ ഫുട്ബോൾ ആരാധകർക്ക് കാണുന്നതിനായി ജില്ലാ / സംസ്ഥാനതലങ്ങളിൽ ബിഗ് സ്ക്രീൻ പ്രദർശനം സംഘടിപ്പിച്ചു. സംസ്ഥാനതലത്തിൽ സ്പോർട്സ് ഡയറക്ടറേറ്റും സ്പോർട്സ് കൗൺസിലും യുവജനക്ഷേമ ബോർഡും സംയുക്തമായി സെൻട്രൽ സ്റ്റേഡിയത്തിൽ 30 ദിവസം ബിഗ് സ്ക്രീൻ പ്രദർശനം സംഘടിപ്പിക്കുകയുണ്ടായി.

14 ജില്ലകളിലുമായി യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന 506 യൂത്ത് ക്ലബ്ബുകളും 324 യുവാക്ലബ്ബുകളും ബിഗ് സ്ക്രീൻ പ്രദർശനം സംഘടിപ്പിക്കുകയുണ്ടായി.

## 5. കേരളോത്സവം - യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം

കേരളോത്സവത്തിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ടി 2017 മുതൽ കേരളോത്സവത്തിൽ മത്സരാർത്ഥികൾക്ക് ക്ലബ്ബുകളുടെ പേരിലും വ്യക്തിപരമായും മത്സരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. കലാകായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്ക് വിവിധതലങ്ങളിലായി ക്യാഷ് അവാർഡ് നൽകുന്നു. കോർപ്പറേഷൻ / മുനിസിപ്പാലിറ്റി, ബ്ലോക്കതലത്തിൽ കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ഒരു ക്ലബ്ബിന് 5.000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു. ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബിന് ഒന്നാം സമ്മാനമായി 10,000/- രൂപയും രണ്ടാം സമ്മാനമായി 5,000/- രൂപയും, സംസ്ഥാനതലത്തിൽ കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബിന് ഒന്നാം സമ്മാനമായി 1,50,000/- രൂപയും രണ്ടാം സമ്മാനമായി 75,000/- രൂപയും മൂന്നാംസമ്മാനം 50,000/- രൂപയും ക്യാഷ് അവാർഡ് നൽകുന്നു. സംസ്ഥാനതല കേരളോത്സവത്തിൽ കലാകായിക വിഭാഗങ്ങളിൽ വ്യക്തിഗത ചാമ്പ്യൻമാരാകുന്നവർക്ക് പ്രത്യേകം ട്രോഫിയും, സംസ്ഥാനതല കേരളോത്സവത്തിൽ കലാ കായിക വിഭാഗങ്ങൾചേർത്ത് ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് എവർറോളിംഗ് ട്രോഫി നൽകുന്നു.

## 6. ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം (മാരിവില്ല് 2019)

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ട്രാൻസ്ജൻഡർ വിഭാഗത്തിൽ ഉൾപ്പെടുന്ന യുവജനങ്ങൾക്കായി സംസ്ഥാനാടിസ്ഥാനത്തിൽ മാരിവില്ല് എന്ന പേരിൽ എറണാകുളം ജില്ലയിൽ വച്ച് ട്രാൻസ്ജൻഡേഴ്സ് ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. ചിത്രരചനാ ക്യാമ്പ്, തൊഴിൽ പരിശീലനങ്ങൾ, കലാപരിപാടികൾ, വിവിധ വിഷയങ്ങളെ കുറിച്ചുള്ള സെമിനാറുകൾ, പ്രബന്ധാവതരണങ്ങൾ തുടങ്ങി വ്യത്യസ്തങ്ങളായ പരിപാടികളാണ് മാരിവില്ലിന്റെ ഭാഗമായി സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിയിൽ ട്രാൻസ്ജൻഡേഴ്സ് വിഭാഗത്തിൽപ്പെട്ട 100 ഓളം പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി.

## 7. പെൺകരുത്ത് -കളരിപ്പയറ്റ് പരിശീലനം

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തിരുവനന്തപുരത്തെ രണ്ട് കേന്ദ്രങ്ങളിലായി 25 വയസ്സിൽ താഴെയുള്ള യുവതികൾക്കായി 10 ദിവസത്തെ കളരിപ്പയറ്റ് പരിശീലനം നടത്തി. തെരഞ്ഞെടുക്കപ്പെട്ട 750 പേർക്കാണ് പരിശീലനം നൽകിയത്. യുവതികളിൽ ആത്മവിശ്വാസവും മാനസിക-ശാരീരിക കരുത്തും വർദ്ധിപ്പിക്കുന്നതിനോടൊപ്പം കേരളീയ സംസ്ക്കാരത്തിന്റെ ഭാഗമായുള്ള കളരി പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പരിശീലനം ലഭിച്ച 750 ഓളം യുവതികൾ കളരിയിൽ അഭ്യാസ പ്രകടനം കാഴ്ചവച്ചു.

തിരുവനന്തപുരം ഗവ. വിമൻസ് കോളേജ്, ഗവ. നഴ്സിംഗ് കോളേജ്, സെന്റ് സേവിയേഴ്സ് കോളേജ്, ആയുർവേദ കോളേജ്, ഗവ. വിമൻസ് പോളിടെക്നിക് കൈമനം, എന്നീ കേന്ദ്രങ്ങളിലാണ് യുവതികൾക്ക് പരിശീലനം നൽകിയത്.